LIBRARY ARCHIVES Kerala Legislative Assembly

കട്ടേല-അലത്തറ മേഖലയിൽ ജലവിതരണം മെച്ചപ്പെടുത്താൻ നടപടി

45 [1835] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ ചെറുവയ്ക്കൽ ഡിവിഷനിൽ കട്ടേല-അലത്തറ മേഖലയിൽ നിലവിലുള്ള ജലവിതരണ സംവിധാനത്തിന്റെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബുദ്ധിമാന്ദ്യം ബാധിച്ചവരും വികലാംഗരും രോഗികളും അന്തേവാസികളായുള്ള കാരുണ്യ വിശ്രാന്തിഭവനിലും അംബേദ്കർ പട്ടികജാതി കോളനിയിലും പരിസരങ്ങളിലും ശുദ്ധജലം പതിവായി ടാങ്കർ ലോറികളിലാണ് എത്തിക്കുന്നത് എന്നത് ഗവൺമെന്റ് കണക്കിലെടുത്തിട്ടുണ്ടോ;

(സി) നിലവിലുള്ള ജലസ്രോതസ്സിന്റെ ആഴം കൂട്ടുന്നതിനും പമ്പിംഗ് കാര്യക്ഷമമാക്കാനും എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) പട്ടികജാതി-വർഗ്ഗ വകുപ്പു നടത്തുന്ന അംബേദ്കർ മാതൃകാ റസിഡൻഷ്യൽ സ്കൂളിൽ പലപ്പോഴും ജലവിതരണം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ മേഖലയിലെ ശുദ്ധജല ദൗർലഭ്യം ശാശ്വതമായി പരിഹരിക്കാൻ JBIC പദ്ധതിയിലോ തലസ്ഥാന വികസന പദ്ധതിയിലൊ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) മൺവിള ജലസംഭരണിയിൽ നിന്ന് കട്ടേലയിലേക്ക് ശുദ്ധജല മെത്തിക്കാനുള്ള പദ്ധതി നടപ്പിലാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കഴിഞ്ഞ വരൾച്ചാ സമയത്ത് പതിവായി ടാങ്കർ ലോറിയിൽ വെള്ളമെത്തിച്ചുകൊടുക്കേണ്ടതായി വന്നിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) തലസ്ഥാന വികസന പദ്ധതിയിലും ജെ.ബി.ഐ.സി. പദ്ധതിയിലും ഈ മേഖല ഉൾപ്പെട്ടിട്ടില്ല. എന്നാൽ ജെ.ബി.ഐ.സി. സഹായത്തോടെ നടപ്പിലാക്കുന്ന തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി തിരുവനന്തപുരം നഗരത്തിൽ എത്തുന്ന ശുദ്ധജലത്തിന്റെ അളവ് കൂടുമെന്നതിനാൽ ഈ ഭാഗത്തെ ജലദൗർലഭ്യത്തിന് ഒരു പരിധിവരെ അപ്പോൾ പരിഹാരമാകുന്നതാണ്.

(എഫ്) മൺവിള ജലസംഭരണിയിൽ നിന്ന് കട്ടേലയിലേക്ക് ശുദ്ധജല മെത്തിക്കാനുള്ള സാദ്ധ്യത ആരായാനായി സാങ്കേതിക പരിശോധന നടത്തേണ്ടതുണ്ട്. അതിനുശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവൂ.